## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 29          09.06.2014 -ലെ മറുപടിയ്ക്ക്**

## ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>" ബി. സത്യൻ<br>" കെ.കുഞ്ഞമ്മത് മാസ്റ്റർ<br>" കെ.കെ.നാരായണൻ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭരണത്തിന്റെ ഉന്നതതലങ്ങളിൽ ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിലെ കാലതാമസവും കെടുകാര്യസ്ഥതയും ക്രമക്കേടുകളും മൂലം സർക്കാർ ആപ്പീസുകളെ സമീപിക്കുന്ന സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ ; | (എ) | സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നുള്ളതാണ് സർക്കാർ നയം. |
| (ബി) | ഗവ.സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലും അതിൻകീഴിലുള്ള ഡയറക്ടറേറ്റുകളിലുമായി തീരുമാനം പ്രതീക്ഷിച്ച് പെന്റിംഗിലായിട്ടുള്ള ഫയലുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ ; | (ബി) | സെക്രട്ടേറിയറ്റിലേയും ഡയറക്ടറേറ്റുകളിലേയും വിവിധ വകുപ്പുകളുടെയും ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന സമാഹൃത പത്രികകൾ പരിശോധിച്ച് എല്ലാ മാസവും അവലോകനം നടത്തുന്നുണ്ട്. |
| (സി) | 2014 മെയ് 31 ന് തീരുമാനത്തിനായി പരിഗണനയിലുള്ള സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലേയും അതിൻകീഴിലുള്ള ഡയറക്ടറേറ്റുകളിലെയും ഫയലുകളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ ; | (സി) | 2014 മെയ് - ജൂൺ മാസങ്ങളിൽ മൂന്നു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രത്യേക ഫയൽ തീർപ്പാക്കൽ തീവ്രയത്നപരിപാടി നടന്നുകൊണ്ടിരിക്കുകയാണ്. ആയതിലെ റിപ്പോർട്ടുകൾ ഇപ്പോൾ ലഭ്യമായിട്ടില്ല. |
| (ഡി) | ഇതേ ദിവസം മന്ത്രിമാരുടെ പരിഗണനയിലിരിക്കുന്ന ഫയലുകൾ എത്രയായിരുന്നു ; അവയിൽ ഒരാഴ്ചയിലധികമായി പെന്റിംഗിലായിട്ടുള്ളവ എത്ര; വിശദമാക്കാമോ ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ഫയലുകളിൽ സമയബന്ധിതമായി തീരുമാനം എടുക്കാൻ മാതൃകാപരമായി പ്രവർത്തിക്കാൻ മന്ത്രിമാർ ഉൾപ്പെടെ തയ്യാറാകുമോ ? | (ഇ) | നിയമതടസ്സങ്ങളില്ലാത്ത ഫയലുകളിൽ സമയബന്ധിതമായി തന്നെ തീരുമാനം കൈക്കൊള്ളാറുണ്ട്. |

സെക്ഷൻ ഓഫീസർ